# നല്ല ഹൈമവതഭൂവിൽ



മഞ്ഞണിമലകളാൽ
ഗോപുരം നിർമ്മിക്കുന്ന
നല്ല ഹൈമവൽസാനു-
ഭൂവിലീ നിശീഥത്തിൽ

നില്പു ഞാൻ തവ സന്നി-
ധാനത്തിലെല്ലാം മറ-
ന്നത്ഭുതം വിടരുന്ന
കണ്ണുമായ് തഥാഗത!

നീ പിരിഞ്ഞപ്പോൾ നിന്റെ
തേജസ്സു പരന്നതാം
നാടുകൾ തോറും നിന്നെ
നോക്കി ഞാനലഞ്ഞല്ലോ.

താഴികക്കുടം ചൂടു-
മുന്നത പഗോഡകൾ
പാറയിൽക്കഥപറ-
ഞ്ഞീടുന്നതാം ദൃശ്യങ്ങൾ

ഭവ്യരാം ഭിക്ഷുക്കളാൽ
നിറയും വിഹാരങ്ങൾ
ദിവ്യമാം പരിവേഷ-
മാർന്ന നിൻ പ്രതിമകൾ

ജീവിതലക്ഷ്യം തേടി
നീയലഞ്ഞതാം വഴി-
ത്താരകൾ, തണൽ വിരി-
പ്പാർന്നതാം വിപിനങ്ങൾ.

ഒടുവിൽ വന്നെത്തി ഞാ-
നവയൊക്കെയും പിന്നി-
ട്ടിവിടെ, സിദ്ധാർത്ഥനായ്
നീ പിറന്നൊരീ മണ്ണിൽ.

വിണ്ണിൽ നിന്നടർന്നൊരു
സ്വപ്നമാധുരി പോലെ

ചൈത്രപൗർണ്ണമി രാവി–
ലിവിടേയ്ക്കണഞ്ഞു നീ.

ജീവിതദുഃഖത്തിൻെറ
നെടുവീർപ്പുപോലൊരു
ചൈത്രപൗർണ്ണമി രാവി–
ലിവിടം വെടിഞ്ഞു നീ.

പൂവുകൾ വിതറിയ
പട്ടുമെത്തയിൽ, സ്നേഹ–
ലോലുപ, യശോധര,
വീണുറങ്ങിയ രാവിൽ

പൊൻകിനാവുകൾ കാണും
രാഹുലകുമാരൻെറ
കൺകളിൽ മുത്തം വയ്ക്കും
ദേവകന്യകമാരെ

കാവലായ് നിർത്തിക്കൊണ്ടു
നീയടിവച്ചീ രാജ–
ധാനി വിട്ടിറങ്ങിയോ–
രാനിമേഷത്തിൻ മുന്നിൽ

എൻെറ ചേതനയൊരു
മാത്ര നില്ക്കുന്നു ദേവ!
നിൻെറ വേദന മന്നിൻ
മൂകവേദനയല്ലോ.

കൈകളിൽ മരയോടു–
മായി നീയലഞ്ഞു പോയ്
നോവുകളുറങ്ങുമീ
നാട്ടുപാതയിൽക്കൂടി.

ബോധിവൃക്ഷത്തിൻ തണൽ
വിരിപ്പിൽ, ബോധോദയം
നീണ്ട നിൻ മിഴിയിണ
മൂകരാനണഞ്ഞല്ലോ.

ഇന്നു നീ യിതു വഴി
വരികിൽ, ക്കവിളത്തു

വറ്റിയ കണ്ണീരിൻെറ
പാടു വീണതാം മുഖം

ഉയർത്തി, ക്കരയുവാ-
നെത്രയോ നാളായ് മറ-
ന്നവരാലിന്നും ജന-
വീഥികൾ നിറയുന്നു.

മഞ്ഞയാലുടൽ മൂടി
നിന്നവരിന്നോ വിരൽ-
ത്തുമ്പുകളമർത്തുന്നു
കാഞ്ചികൾ വലിക്കുന്നു.

പുക ചൂഴ്ന്നൊരീ വഴി-
ത്താരയിൽ തളം കെട്ടി-
യുറയുന്നിന്നും രക്തം!
എങ്ങു നീ തഥാഗത?

ഈക്കരികല്ലിന്നുള്ളിൽ
കണ്ണുകളടച്ചിന്നും
ധ്യാനമഗ്നനാകാതെ
വരു നീ തഥാഗത! ■

1968 മംഗളോദയം വാർഷിക വിശേഷാൽ പ്രതി